(ഡി) മുറിയൂർ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നത് സംബന്ധിച്ച നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൂർത്തിയായിട്ടില്ല.

(ബി) ചെമ്മാപ്പിള്ളി കടവിൽ പുതിയ പാലം നിർമ്മിക്കുന്നതിനുള്ള നടപടികളും ഒന്നുംതന്നെ തുടങ്ങിയിട്ടില്ല.

(സി) കാരാഞ്ചിറ വലിയ പാലത്തിന്റെയും ചെറിയ പാലത്തിന്റെയും നിർമ്മാണ പ്രവർത്തികളും ത്വരിതഗതിയിൽ പുരോഗമിക്കുന്നു. ചെറിയ പാലം രണ്ട് മാസത്തിനകം നിർമ്മാണം പൂർത്തിയാക്കി തുറന്ന് കൊടുക്കാവുന്നതാണ്.

(ഡി) മുറിയൂർ പാലത്തിന്റെ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ട്. നബാർഡിന്റെ സഹായത്താൽ നിർമ്മാണം നടത്തുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കികൊണ്ടിരിക്കുന്നു.

സുനാമിബാധിത പ്രദേശങ്ങളിലെ പാലങ്ങളും റോഡുകളും

149 [1498] ഡോ. തോമസ് ഐസക്:
ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, ടി. കെ. ദേവകുമാർ:
,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സഭയ്ക്ക് മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുനാമി ബാധിച്ച പ്രദേശങ്ങളിലും തീര പ്രദേശങ്ങളിലും റോഡുകളും പാലങ്ങളും പണിയുന്നതിനുള്ള എന്തെങ്കിലും പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സുനാമി ദുരന്തത്തിൽ റോഡുകൾക്ക് ഉണ്ടായ തകരാറുകൾ പരിഹരിച്ച് റോഡുകൾ സഞ്ചാരയോഗ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്ത് തുക ചെലവഴിച്ചു;

(സി) സുനാമി ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി എത്ര റോഡുകൾ ഏറ്റെടുത്തിട്ടുണ്ട്; അവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താമോ?

ഉത്തരം

(എ) സുനാമി ദുരിതാശ്വാസത്തിന്റെ ഭാഗമായി ആയിരംതെങ്ങ് അഴീക്കൽ പാലത്തിന്റെയും, ആറാട്ടുപുഴ കൊച്ചിടെ ജെട്ടി പാലത്തിന്റെയും പണികൾ ആരംഭിച്ചുകഴിഞ്ഞു. രണ്ട് വർഷത്തിനുള്ളിൽ പണി പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിൽ നിന്നും ധനസഹായം ലഭ്യമാക്കുവാനും ശ്രമിച്ച് വരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ ഏതാനും ചില റോഡ് പണികളും ഏറ്റെടുത്തിട്ടുണ്ട്:

1. വർക്കല മുതൽ കാപ്പിൽ വരെയുള്ള 8.5 കി. മീ. റോഡിന്റെയും കാപ്പിൽ പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കുമായി 3 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. കല്ലുംമൂട്ടിൽക്കടവ് പാലത്തിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

3. വെള്ളാനതുരുത്ത് പണിക്കർക്കടവ് അഴീക്കൽ തീരദേശ റോഡിനുവേണ്ടി 4.42 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി തുടർനടപടികളും സ്വീകരിച്ചുവരുന്നു.

4. കൊല്ലം മുതൽ കാപ്പിൽ വരെയുള്ള റോഡിനുവേണ്ടി 2.05 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

5. തുറവൂർ പഞ്ചായത്തിൽ വാലയിൽ പൊഴിച്ചാൽ റോഡിന്റെ പുനർ നിർമ്മാണം, തൃക്കുന്നപ്പുഴ വലിയഴീക്കൽ റോഡിന്റെ പുനർ നിർമ്മാണം എന്നിവയ്ക്കുവേണ്ടി 4.20 കോടി രൂപയുടേയും തുമ്പോളി മുതൽ തോപ്പുംപടി വരെയുള്ള തീരദേശറോഡിനു വേണ്ടി 14.70 കോടി രൂപയുടേയും പ്രോജക്ട് റിപ്പോർട്ടുകളും തയ്യാറാക്കിയിട്ടുണ്ട്. ഇവ കൂടാതെ അന്ധകാരനഴി മുതൽ മൂർത്തിക്കാവ് വരെയുള്ള റോഡിനും 10.2 മൈൽ എ.എ. റോഡ് മുതൽ അന്ധകാരനഴി വരെയുള്ള റോഡിനും സാങ്കേതികാനുമതി നൽകി ദർഘാസ് ഘട്ടത്തിലാണ്.

(ബി) കൊല്ലം ജില്ലാ കളക്ടറുടെ സുനാമി ദുരിതാശ്വാസ ഫണ്ടിൽ നിന്നും 16.15 ലക്ഷം രൂപ ചെലവഴിച്ച് വെള്ളാനതുരുത്ത് അഴീക്കൽ റോഡിന്റെ അത്യാവശ്യ അറ്റകുറ്റപ്പണികൾ ചെയ്തു തീർത്തിട്ടുണ്ട്.

(സി) പുതിയതായി റോഡുകൾ ഒന്നും സുനാമി ദുരിതാശ്വാസത്തിന്റെ ഭാഗമായി ഏറ്റെടുത്തിട്ടില്ല. എന്നാൽ സുനാമി ബാധിത പ്രദേശത്തെ എതാനും റോഡുകൾ P.W.D. ഏറ്റെടുത്തിട്ടുണ്ട്.

വൈപ്പിൻ-പള്ളിപ്പുറം റോഡിലുള്ള പാലങ്ങൾ

150 [1499] ഡോ. എം. എ. കുട്ടപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ നിയോജകമണ്ഡലത്തിലെ വൈപ്പിൻ—പള്ളിപ്പുറം റോഡിലുള്ള 8 പാലങ്ങൾ വീതികൂട്ടി ബലപ്പെടുത്തുന്ന ജോലികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) വീതി കൂട്ടുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഏതെല്ലാം നടപടിക്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വൈദ്യുതി ബോർഡ്, ജല അതോറിറ്റി, ബി. എസ്.എൻ.എൽ., റിലയൻസ് എന്നിവയുടെ പോസ്റ്റുകളും, പൈപ്പ്, കേബിൾ മുതലായവയും മാറ്റി സ്ഥാപിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന് മൊത്തം എന്ത് ചെലവ് വരുമെന്നും ഇതിനാവശ്യമായ തുക പൊതുമരാമത്ത് കണ്ടെത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ രണ്ട് പ്രവർത്തികളായിട്ടാണ് ടെണ്ടർ ചെയ്തിരിക്കുന്നത്. ഒരു പ്രവർത്തിയിൽ നാല് പാലങ്ങൾ ഉൾക്കൊള്ളുന്ന വാടയിൽതോട്, കരിത്തലതോട്, അയ്യമ്പിള്ളി

LIBRARY ARCHIVES Kerala Legislative Assembly